# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.12.2025**

## പ്രധാനവാർത്തകൾ

1. പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ജനുവരി 20 മുതൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭായോഗം.
2. പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി ലോകം. നാടെങ്ങും വിപുലമായ ആഘോഷ പരിപാടികൾ. സുരക്ഷ കർശനമാക്കി പോലീസ്.
3. ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് ജനകീയ ക്യാമ്പയിന് മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനത്ത് നാളെ തുടക്കം കുറിക്കും.
4. 100 മില്ലിഗ്രാമിന് മുകളിൽ നിമെസുലൈഡ് അടങ്ങിയ മരുന്നുകളുടെ നിർമാണവും, വിൽപനയും നിരോധിച്ച് കേന്ദ്രസർക്കാർ.
5. ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. വൈകുണ്ഠ ഏകാദശിയോടനുബന്ധിച്ച് പത്മനാഭ സ്വാമി ക്ഷേത്രത്തിലും, ഗുരുവായൂരും വൻ ഭക്തജനത്തിരക്ക്

RNU TVPM

6. ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുന്ന മാലിന്യമുക്തം നവകേരളം പ്രതിമാസ റേഡിയോ പരിപാടിയുടെ ഉദ്ഘാടനം മന്ത്രി എം ബി രാജേഷ് തിരുവനന്തപുരത്ത് നിർവഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാാം സമ്മേളനം ജനുവരി 20 മുതൽ വിളിച്ചു ചേർക്കാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം ഗവർണറോട് ശുപാർശ ചെയ്തു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, സാംസ്കാരിക നിലയങ്ങൾ, പഞ്ചായത്ത് ലൈബ്രറികൾ, ശിശു മന്ദിരങ്ങൾ നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിലെ ദിവസ വേതനക്കാരിൽ നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താനും മന്ത്രിസഭായോം തീരുമാനിച്ചു നിലവിൽ പത്തോ അതിലധികമോ വർഷമായി പ്രവർത്തിച്ചു വരുന്നവരെയാണ് സ്ഥിരപ്പെടുത്തുക. കൊച്ചി ക്യാൻസർ റിസർച്ച് സെൻററിൽ 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളും ഉൾപ്പെടെ 159 തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമായി. കേരളേ അഗ്രോ മിഷനറി കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കാനും സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## കേന്ദ്രമന്ത്രിസഭ

മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലായി രണ്ട് ദേശീയ പാത പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. നാസിക്-

സോലാപ്പൂർ-അക്കൽകോട്ട് ആറ് വരി പാത 19,142 കോടി രൂപ ചിലവിലാണ് നിർമിക്കുന്നത്. ഒഡീഷയിലെ ദേശീയ പാത 326 ൻറെ നവീകരണത്തിനായി 1,526 കോടിയുടെ പദ്ധതിക്കും അംഗീകാരം നൽകിയതായി മന്ത്രിസഭ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## പുതുവർഷം- തിരു (ഇൻട്രോ)

പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി ലോകം. നവവത്സരം ആദ്യമെത്തുന്ന പെസഫിക് ദ്വീപ് രാഷ്ട്രമായ കിരിബാത്തിയിൽ 2026 പിറന്നു. പിന്നാലെ ന്യൂസിലൻഡ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലും പുതുവർഷത്തിന് പിറവിയായി. സംസ്ഥാനത്ത് വിപുലമായ പുതുവർഷ ആഘോഷങ്ങളാണ് ഇന്ന് നടക്കുന്നത്. കോവളം, ഫോർട്ട് കൊച്ചി, കോഴിക്കോട് ബീച്ച്, മൂന്നാർ തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ ആഘോഷങ്ങൾക്കായി ജനം എത്തിച്ചേർന്നു തുടങ്ങി. വലിയതോതിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ സംസ്ഥാനത്ത് പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗവും, ഡ്രൈവിങ്ങ് നിയമ ലംഘനങ്ങളും പരിശോധിക്കാൻ കർശന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള പുതുവർഷ വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി രജു കോലിയക്കോട് ...

(ഹോൾഡ്)

☸☸☸☸☸☸☸☸☸☸☸☸☸

## ഫോർട്ട് കൊച്ചി (ഇൻട്രോ)

PNU TVPM

ഫോർട്ട് കൊച്ചിയിലും പുതുവർഷ ആഘോഷങ്ങൾക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. കൊച്ചിൻ കാർണിവലിനോട് അനുബന്ധിച്ച് പോലീസ് പ്രത്യേക സുരക്ഷ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പരേഡ് ഗ്രൗണ്ട്, വെളി ഗ്രൗണ്ട് പരിസരത്ത് പാർക്കിംഗ് നിരോധിച്ചിരിക്കുകയാണ്.

കൊച്ചിയിൽ നിന്നുള്ള പുതുവർഷ വിശേഷങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(ഹോൾഡ്)

ഇടുക്കിയിലും ജനം ആഘോഷ ലഹരിയിലാണ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...

(ഹോൾഡ്)

കോഴിക്കോട് ബീച്ചിലും, മാനാഞ്ചിറയിലും പുതുവർഷ രാവിൽ വലിയ ആൾത്തിരക്കാണ് അനുഭവപ്പെടുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു...

(ഹോൾഡ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി MB രാജേഷ്. -മാലിന്യമുക്തം നവകേരളം

മാലിന്യ സംസ്കരണത്തിന്റെ തുടർച്ച ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നതെന്ന് മന്ത്രി MB രാജേഷ്. ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുന്ന മാലിന്യമുക്തം നവകേരളം പ്രതിമാസ റേഡിയോ പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാലിന്യമുക്ത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ശുചിത്വ മിഷൻ പുറത്തിറക്കിയ വൃത്തി ന്യൂസ്

ലെറ്ററിൻറെ പ്രകാശനവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു. മാലിന്യ സംസ്കരണ മേഖലയിൽ പൊതുജനങ്ങളുടെ അറിവും പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിനാണ് ഈ സംരംഭങ്ങളിലൂടെ ശുചിത്വമിഷനും തദ്ദേശസ്വയംഭരണ വകുപ്പും ലക്ഷ്യമിടുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## വെൽനസ്സ് - കേരള

കേരളത്തിൽ ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ്എന്ന പേരിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന ജനകീയ ക്യാമ്പയിൻ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് കാമ്പയിൻ. നല്ല ഭക്ഷണശീലം, വ്യായാമം, ഉറക്കം, വിശ്രമം, മാനസിക സുസ്ഥിതി എന്നിവയെക്കുറിച്ച് ഇതിലൂടെ സമൂഹത്തിൽ അവബോധം സൃഷ്ടിക്കും.

PNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## നിമെസുലൈഡ്

100 മില്ലിഗ്രാമിന് മുകളിൽ നിമെസുലൈഡ് അടങ്ങിയ മരുന്നുകളുടെ നിർമാണവും, വിൽപനയും നിരോധിച്ച് കേന്ദ്രസർക്കാർ. ഗുരുതരമായ പാർശ്വഫലങ്ങൾക്ക് കാരണമാകുന്നതിനാലാണ് ഡ്രഗ്സ് ആൻഡ് കോസ്മറ്റിക്സ് നിയമ പ്രകാരമുള്ള നടപടി. വേദന സംഹാരിയായി ഉപയോഗിക്കുന്ന നിമെസുലൈഡിന് പകരം ഉപയോഗിക്കാവുന്ന സുരക്ഷിതമായ മരുന്നുകൾ വിപണിയിൽ ലഭ്യമാണെന്നും സർക്കാർ അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## ശബരിമല

ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ഇന്ന് നടതുറന്നതുമുതൽ വൈകിട്ട് ആറുവരെ 62,489 പേരാണ് ശബരിമലയിൽ ദർശനം നടത്തിയത്. ശരംകുത്തിമുതൽ ഭക്തരെ തിരക്ക് നിയന്ത്രിച്ചാണ് ദർശനത്തിനായി കടത്തിവിടുന്നത്.

## ശ്രീപത്മനാഭ

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ വൈകുണ്ഠ ഏകാദശി ചടങ്ങുകൾ പുരോഗമിക്കുന്നു..നിരവധി ഭക്തരാണ് ക്ഷേത്രത്തിൽ ദർശനത്തിനായി എത്തിക്കൊണ്ടിരിക്കുന്നത്. ഏകാദശി ശീവേലി രാത്രി 08.15 ന് നടക്കും. ഗുരുവായൂരിലും വൻ ഭക്തജനതിരക്കാണ് അനുഭവപ്പെടുന്നത്. വൈകുണ്ഠ ഏകാദശിയോടനുബന്ധിച്ച് ക്ഷേത്രത്തിൽ പ്രത്യേക പൂജകൾ ഇന്ന്, നടക്കുന്നുണ്ട്.

RJU TVPM

## മന്ത്രി-മേയർ

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ113 ബസ്സുകൾ, തിരുവനന്തപുരം കോർപ്പറേഷൻ ആവശ്യപ്പെട്ടാൽ തിരികെ നൽകാൻ KSRTC തയ്യാറാണെന്ന് ഗതാഗതമന്ത്രി കെ ബി ഗണേഷ് കുമാർ. ബസ്സുകൾക്കായി ചിലവായ തുകയുടെ 60 ശതമാനം വിഹിതവും സംസ്ഥാനത്തിൻ്റേത് ആണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഈ ബസുകൾ മറ്റൊരു ജില്ലയിലേക്കും ഓടുന്നില്ലെന്നും മന്ത്രി അറിയിച്ചു. തിരക്കേറിയ സമയത്ത് 113 ബസുകളും നഗര പരിധിയിൽ സർവീസ് നടത്തണം എന്ന കരാർ കെഎസ്ആർടിസി ലംഘിച്ചതായി മേയർ വി വി രാജേഷ്

തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ലാഭം പങ്കിടുന്നതിലും കരാർ ലംഘനമുണ്ടായതായി പറഞ്ഞ മേയർ അടുത്ത കൗൺസിൽ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുമെന്നും അറിയിച്ചു.

## കണ്ണൂർ-മഞ്ഞപ്പിത്തം

കണ്ണൂർ ശ്രീകണ്ഠപുരം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ ഉൾപ്പെടെ ശ്രീകണ്ഠപുരം, ചെങ്ങളായി, മലപ്പട്ടം പ്രദേശത്ത് മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നടപടികൾ ശക്തമാക്കി. സ്കൂളിനു പുറത്ത് വിവിധ കടകളിൽ നിന്നും മോര്, ജ്യൂസ് ഉൾപ്പെടെ തണുത്ത പാനീയങ്ങൾ കുടിച്ചവരിലാണ് രോഗം റിപ്പോർട്ട് ചെയ്തത്. കടകളിൽ ആരോഗ്യ വകുപ്പ് പ്രത്യേക പരിശോധന നടത്തുകയും പാനീയങ്ങൾ വിതരണം ചെയ്ത കടകൾ നോട്ടീസ് നൽകി അടപ്പിക്കുകയും ചെയ്തു. കടകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലേ കിണർ വെള്ളത്തിൽ നിന്നാണ് രോഗം പകർന്നത് എന്നാണ് ആരോഗ്യ വകുപ്പിന്റെ പ്രാഥമിക നിഗമനം. നാളെ മുതൽ ജനുവരി 15 വരെ ജില്ലയിലെ മുഴുവൻ കുടിവെള്ള സ്രോതസുകളും ക്ലോറിനേറ്റ് ചെയ്യാൻ ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

RNI TVPM

## വിരമുക്തദിനം

ജനുവരി ആറ് വിരവിമുക്തദിനമായി ആചരിക്കുന്നതിൻറെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ഒന്ന് മുതൽ 19 വയസ് വരെയുള്ള ആറ് ലക്ഷത്തി മുപ്പതിനായിരത്തോളം കുട്ടികൾക്ക് വിരഗുളിക വിതരണം ചെയ്യുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദ്യാലയങ്ങളിലൂടെയും അങ്കണ

വാടികളിലൂടെയുമാണ് വിതരണം. ഏതെങ്കിലും കാരണത്താൽ ജനുവരി ആറിന് ഗുളിക കഴിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് ജനുവരി 12ന് ഗുളിക നൽകുന്നതാണ്.

RNU TVPM